Draft #1 of File 13344/AC B7-3/2022/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 28-Jan-2022 01:08 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും വിവിധ അക്കാദമിക പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശന നടപടികളുടെ മേൽ നോട്ടത്തിനായി രൂപീകരിച്ചിട്ടുള്ള CAT 2022 മോണിറ്ററിംഗ് കമ്മറ്റി യോഗത്തിലെ ശിപാർശകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 933/AC B 7/2022/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 28.01.2022

---

*പരാമർശം:-*സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും വിവിധ അക്കാദമിക പ്രോഗ്രാമുകളുടെ പ്രവേശന നടപടികളുടെ മേൽ നോട്ടത്തിനായി രൂപീകരിച്ചിട്ടുള്ള CAT 2022 മോണിറ്ററിംഗ് കമ്മറ്റി ബഹു. പ്രൊ. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ 20.01.2022, 2.30 പി.എം ന് ചേർന്ന യോഗത്തിൻറെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും വിവിധ അക്കാദമിക പ്രോഗ്രാമുകളിലേക്കുള്ള 2022വർഷത്തെ പ്രവേശന നടപടികളുടെ മേൽ നോട്ടത്തിനായി രൂപീകരിച്ചിട്ടുള്ള CAT 2022 മോണിറ്ററിംഗ് കമ്മറ്റി ബഹു. പ്രൊ. വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ 20.01.2022, 2.30 പി.എം ന് ചേർന്ന യോഗത്തിൽ താഴെ പറയുന്ന ശിപാർശകൾ സ്വീകരിച്ചു.

1. സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറ്റർ സ്കൂൾ സെൻറ്ററിലെയും വിവിധ പ്രോഗ്രാമുകളിലേക്ക് 2022 അക്കാദമിക വർഷത്തെ പ്രവേശനത്തിനായി ഫെബ്രുവരി ആദ്യ പകുതിയിൽ അപേക്ഷ സ്വീകരിക്കത്തക്ക രീതിയിൽ വെബ്സൈറ്റ് തുറന്ന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ശിപാർശ ചെയ്യുന്നു.

2. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചത് സംബന്ധിച്ച അറിയിപ്പ് നിലവിൽ സർവ്വകലാശാല വെബ്സൈറ്റിൽ മാത്രം നൽകികൊണ്ട് അപേക്ഷ സ്വീകരിക്കുവാനും വിശദമായ പത്രക്കുറിപ്പ് പിന്നീട് മാർച്ച് മാസത്തിൽ നൽകുവാനും ശിപാർശ ചെയ്യുന്നു.

3. CAT 2022 മെയ് ആദ്യം വാരം അനുയോജ്യമായ തീയതിയിൽ നടത്തുവാൻ ശിപാർശ ചെയ്യുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4. എൻട്രൻസ് പരീക്ഷയ്ക്ക് ലഭിക്കുന്ന മാർക്ക് കൂടാതെ ഇൻറ്റർവ്യൂ/ഗ്രൂപ്പ് ഡിസ്കഷൻ/വിവരണാത്മക പരീക്ഷ എന്നിവയുടെ മാർക്ക് കൂടി പ്രവേശത്തിനായി പരിഗണിക്കേണ്ടതായ പഠന വകുപ്പുകൾ ഇത് സംബന്ധിച്ച തീരുമാനം cat@mgu.ac.in എന്ന ഇ.മെയിൽ ഐ.ഡി യിലേക്ക് 07.02.2022 ന് മുൻപായി നൽകുവാൻ ശിപാർശ ചെയ്യുന്നു. കോവിഡ് 19 നിലനിൽക്കുന്ന സാഹചര്യത്തിൽ ഇൻറ്റർവ്യൂ ഒഴിവാക്കുന്നതായി തീരുമാനിക്കുന്ന പഠന വകുപ്പുകൾ പ്രസ്തുത വിവരവും മേൽ പറഞ്ഞ തീയതിയ്ക്ക് മുൻപായി അറിയിക്കേണ്ടതാണ്. ഇൻറ്റർവ്യൂ/ജി.ഡി/വിവരണാത്മക പരീക്ഷയുടെ വിവരങ്ങൾ പ്രോസ്പെക്ടസിൽ ചേർക്കേണ്ടതുള്ളതുകൊണ്ട് എല്ലാ പഠന വകുപ്പുകളും ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ട് കൃത്യമായി അറിയിക്കേണ്ടതാണ്.

5. ചോദ്യബാങ്കിൽ പുതിയ ചോദ്യങ്ങൾ ചേർക്കുന്നതിലേക്കായി ചോദ്യ ബാങ്ക് 1.02.2022 മുതൽ 15.03.2022 വരെ തുറന്ന് നൽകുവാനും ചോദ്യ ബാങ്ക് സംബന്ധിച്ച് പുതിയ പഠന വകുപ്പുകളിലെ അദ്ധ്യാപകർക്കും ഇതുവരെ ട്രെയിനിങ് ലഭിച്ചിട്ടില്ലാത്തതും ട്രെയിനിങ്ങിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവരുമായ മറ്റ് പഠന വകുപ്പുകളിലെ അദ്ധ്യാപകർക്കുമായി ചോദ്യബാങ്ക് സോഫ്റ്റ്‌വെയർ സംബന്ധിച്ച് ട്രെയിനിങ് നടത്തുവാൻ ശിപാർശ ചെയ്യുന്നു.

6. മുൻ വർഷം സർവ്വകലാശാലയിൽ ആരംഭിച്ച പുതിയ പ്രോഗ്രാമുകളിലേക്ക് ചോദ്യബാങ്ക് തയ്യാറാക്കിയിരുന്നില്ല. പ്രസ്തുത പ്രോഗ്രാമുകളുമായി സമാന സ്വഭാവമുള്ള പ്രോഗ്രാമുകളുമായി ചേർത്ത് പൊതു പരീക്ഷ ആണ് നടത്തിയത്. എന്നാൽ വ്യത്യസ്ത പഠന വകുപ്പുകളിലെ വ്യത്യസ്ത സ്വഭാവം പുലർത്തുന്ന (ക്ലസ്റ്റർ പ്രോഗ്രാമുകൾ ആയി പരിഗണിക്കുവാൻ സാധിക്കാത്ത) പ്രോഗ്രാമുകൾക്ക് വ്യത്യസ്ത പരീക്ഷ നടത്തേണ്ടതുള്ളതിനാൽ മുൻ വർഷം മറ്റ് പ്രോഗ്രാമുകളുടെ ഒപ്പം ചേർത്ത് നടത്തിയ പ്രോഗ്രാമുകളായ MSc Nanoscience and Nanotechnology (Chemistry), MSc Nanoscience and Nanotechnology (Physics), M.Tech Energy Science, M.Tech Nanoscience and Nanotechnology, MSc Artificial Intelligence and Machine Learning എന്നീ പ്രോഗ്രാമുകൾക്ക് വ്യത്യസ്ത ചോദ്യ ബാങ്ക് രൂപീകരിച്ചുകൊണ്ട് വ്യത്യസ്ത പരീക്ഷ നടത്തുവാനും MSc Statistics , M.Sc Mathematics എന്നീ പ്രോഗ്രാമുകളെ ക്ലസ്റ്റർ പ്രോഗ്രാമുകൾ ആയി പരിഗണിച്ച് പൊതു പരീക്ഷയും MSc Data Science and Analytics പ്രോഗ്രാമിലേക്ക് പ്രത്യേകം ചോദ്യ ബാങ്ക് രൂപീകരിച്ചുകൊണ്ട് പ്രത്യേകം പരീക്ഷ നടത്തുവാനും ശിപാർശ ചെയ്യുന്നു.

7. CAT 2022 എൻട്രൻസ് പരീക്ഷാ ഫലം വരുന്ന തീയതി കണക്കാക്കി പരീക്ഷാ കലണ്ടർ രൂപികരിച്ചുകൊണ്ട് പഠന വകുപ്പുകളിൽ ക്ലാസ് തുടങ്ങുന്ന തീയതിയും ക്ലോസിങ് ഓഫ് അഡ്മിഷൻ തീയതിയും നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി എ.സി.എ 5 സെക്ഷനെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്യുന്നു.

Draft #1 of File 13344/AC B7-3/2022/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 28-Jan-2022 01:08 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

8. CAT 2022 പ്രവേശന കാലയളവിലുടനീളം സോഫ്റ്റ്‌വെയർ ടീമിൻറെ സേവനം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഐ.റ്റി സെല്ലിനെ ചുമതലപ്പെടുത്തുവാൻ ശിപാർശ ചെയ്യുന്നു.

9. CAT 2022 നോഡൽ ഓഫീസർ ആയി ഡെപ്യൂട്ടി രജിസ്ട്രാർ 2 (അക്കാദമിക്) നെ നിയമിക്കുവാൻ ശിപാർശ ചെയ്യുന്നു.

10. മുൻ വർഷത്തെ പോലെ ഓൾ ഇൻഡ്യ കോട്ടയിലേക്ക് വിജ്ഞാപനം ക്ഷണിക്കുകയും പരീക്ഷാ കേരളത്തിനകത്തെ പരീക്ഷ കേന്ദ്രങ്ങളിൽ വച്ച് നടത്തു വാനും ശിപാർശ ചെയ്യുന്നു.

11. CAT 2022 അപേക്ഷ ഫീസ് മുൻ വർഷത്തെപ്പോലെ ജനറൽ വിഭാഗത്തിന് 1100/- രൂപയും എസ്.സി, എസ്.റ്റി വിഭാഗത്തിന് 550/- രൂപയും ആയി (പുതുതായി ഉൾപ്പെടുത്തുന്ന പ്രോഗ്രാമുകൾക്കടക്കം) നിശ്ചയിക്കുവാൻ ശിപാർശ ചെയ്യുന്നു.

12. വിവിധ പഠന വകുപ്പുകളിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനത്തിന് അർഹരായവരുടെ സെലെക്ഷൻ ലിസ്റ്റും ഇവർ പ്രവേശനംഎടുക്കാതെ വരുന്ന സാഹചര്യത്തിൽ സെലക്ഷന് അർഹരാകുന്നവരുടെ വെയ്റ്റിംഗ് ലിസ്റ്റും അതത് പഠന വകുപ്പുകളുടെ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കേണ്ടതും പ്രസ്തുത ലിസ്റ്റുകൾ സർവ്വകലാശാല നിശ്ചയിക്കുന്ന തീയതിക്കകം പൊതുവായി CAT വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിലേക്കായി cat@mgu.ac.in എന്ന ഇ.മെയിലേക്ക് അയച്ച് നൽകേണ്ടതുമാണ്.

മേൽ ശിപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

Draft #1 of File 13344/AC B7-3/2022/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 28-Jan-2022 01:08 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

(1 ) എല്ലാ പഠന വകുപ്പ്/ഇൻറ്റർ സ്കൂൾ സെൻറ്റർ മേധാവിമാർക്ക്

(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്

(3 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്

(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)

(5 ) എ.ആർ 4 (അക്കാദമിക് )

(6) ഐ .റ്റി സെൽ (ഉത്തരവ് നമ്പർ 1,8, 11 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി )

(7) കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ

(8) എ.സി.എ 5 (ഉത്തരവ് നമ്പർ 7 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി)

(9) എ.ആർ 21, പരീക്ഷ (ഉത്തരവ് നമ്പർ 5, 6 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി )

(10) പി.ആർ.ഒ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 13344/AC B7-3/2022/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 28-Jan-2022 01:08 PM - Page 4